## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3191 14/03/2018-ന് മറുപടിക്ക്

## അന്തർ സംസ്ഥാന നദീജല കരാറും ജലനഷ്ടവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

എ) 2014 മുതൽ 2018 വരെയുള്ള വർഷങ്ങളിൽ പി.എ.പി കരാർ അനുസരിച്ച് കേരളത്തിന് മണക്കടവിൽ ലഭിച്ച ജലമെത്ര ; കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തതിനാൽ ഉണ്ടായ ജലനഷ്ടവും കൃഷി നാശവും എത്രയാണെന്ന് വ്യക്തമാക്കാമോ ;

എ) 2013-14 ജലവർഷം മുതൽ 2017-18 ജലവർഷം ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ പി.എ.പി. കരാർ അനുസരിച്ച് മണക്കടവ് വിയറിൽ ലഭിച്ച ജലവും ഉണ്ടായ ജലനഷ്ടവും താഴെ പട്ടികയിൽ കൊടുക്കുന്നു.

| ജലവർഷം | കരാർ പ്രകാരം ലഭിക്കേണ്ട ജലം (എം.സി. എഫ്.ടി.യിൽ) | ലഭിച്ച ജലം (എം.സി. എഫ്.ടി.യിൽ) | ജലനഷ്ടം (എം.സി.എഫ്.ടി.യിൽ ) |
|---|---|---|---|
| 2013-2014 | 7250 | 7521 | ഇല്ല |
| 2014-2015 | 7250 | 7467 | ഇല്ല |
| 2015-2016 | 7250 | 7292 | ഇല്ല |
| 2016-2017 | 7250 | 4378 | 2872 |
| * *2017-2018 (ഫെബ്രുവരി 28 വരെ) | 5870 | 5263 | 607 |

* * 2017-2018 ജലവർഷത്തിൽ 2017ഡിസംബർ 16 നു ശേഷമുള്ള കണക്കുകൾ തമിഴ്നാടുമായി റീകൺസൈൽ ചെയ്യേണ്ടതുണ്ട്. പി.എ.പി. കരാർ പ്രകാരം വെള്ളം ലഭിക്കാത്തതിനാൽ 2016-2017 കാലയളവിൽ പാലക്കാട് ജില്ലയിൽ 97.26458 കോടി രൂപയുടെയും തൃശ്ശൂർ ജില്ലയിൽ 2.1849592 കോടി രൂപയുടെയും കൃഷി നാശം ഉണ്ടായതായി കണക്കാക്കുന്നു.

ബി) ജലനഷ്ടവും കൃഷി നഷ്ടവും വകവെച്ചു കിട്ടുന്നതിന് തമിഴ്നാടിനെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

ബി) 2012-13 ജലവർഷത്തിൽ, തമിഴ്നാട് പി.എ.പി. യിൽ.നടത്തിയ കരാർ ലംഘനങ്ങൾക്കെതിരെ സുപ്രീം കോടതിയിൽ കേരളം അസൽ അന്യായം (O.S. No.2/2013) ഫയൽ ചെയ്തിട്ടുണ്ട്. ഈ ഹർജിയിൽ വൈദ്യുതോൽപ്പാദനരംഗത്തും കാർഷികമേഖലയിലുമായി കേരളത്തിന് ഉണ്ടായ നഷ്ടം യഥാക്രമം 39,26,00,000/- രൂപയും 16,86,22,548/- രൂപയും കണക്കാക്കി ആകെ 56,12,22,548/- രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ തുടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. തുടർന്നുള്ള ജലവർഷങ്ങളിൽ കരാർ ലംഘനം മൂലമുണ്ടായ നാശനഷ്ടങ്ങൾ നിലവിലുള്ള കേസിന്റെ വാദത്തോട് ചേർത്ത് ഉന്നയിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്.

സി) 20/11/1959 ൽ തമിഴ്നാട് മുഖ്യമന്ത്രി 4240/J-59-9 നമ്പറായി കേരള ഗവർണർക്കയച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത കത്തിന്റെ കോപ്പി ലഭ്യമാക്കാമോ ;

സി) 20.11.1959 ൽ തമിഴ്നാട് മുഖ്യമന്ത്രി , കേരള ഗവർണർക്ക് അയച്ചതായി പറയുന്ന കത്തിന്റെ ഫോട്ടോസ്റ്റാറ്റ് (നമ്പർ 4240-41/59-9) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, എന്നാൽ ഇതിന്റെ അസൽ

ലഭ്യമല്ല. ഇത് കണ്ടുപിടിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു.

ഡി) കരാറിന് വിരുദ്ധമായി നീരാർ, ഡി) ആനമലയാർ, ഷോളയാർ എന്നിവിടങ്ങളിൽ നിന്നും തമിഴ്നാട് അധികജലം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ 2005 മുതൽ ഓരോ വർഷവും തമിഴ്നാട് എടുത്ത അധികജലം എത്ര ;

കരാറിന് വിരുദ്ധമായി ആനമലയാറിൽ നിന്നും തമിഴ്നാട് അധികജലം എടുത്തി ട്ടില്ല. കരാറിലെ ഷെഡ്യൂൾ III 'സാമ്പത്തിക വ്യവസ്ഥകൾ' അനുസരിച്ച് തമിഴ്നാട് ഷോളയാറിന്റെ തനതു നീരൊഴുക്കിൽ നിന്നും തമിഴ്നാടിന് എടുക്കാവുന്ന ജലം 2.5 ടി.എം.സി.എഫ്.റ്റി ആണ്. എന്നാൽ ചില ജലവർഷങ്ങളിൽ തമിഴ്നാട് 2.5 ടി.എം.സി.എഫ്.റ്റി യിൽ അധികം ജലം പദ്ധതിയിലേയ്ക്ക് തിരിച്ചുവിട്ടിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ജലവർഷം | തമിഴ്നാട് ഷോളയാറിന്റെ തനത് നീരൊഴുക്കിൽ നിന്നും തമിഴ്നാട് തിരിച്ചുവിട്ട അധിക ജലം (ടി.എം.സി.എഫ്.റ്റി യിൽ) |
|---|---|
| 2004-05 | 2.064 |
| 2007-08 | 9.169 |
| 2009-10 | 1.067 |
| 2011-12 | 2.052 |
| 2013-14 | 8.522 |
| 2014-15 | 3.229 |
| 2015-16 | 1.145 |
| 2016-17 | 0.853 |

കരാറിലെ ഷെഡ്യൂൾ III 'സാമ്പത്തിക വ്യവസ്ഥകൾ' അനുസരിച്ച് ഒരു ജല വർഷത്തിൽ അപ്പർ നീരാർ വിയറിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ആകെ ജലം 9 ടി.എം.സി.എഫ്.റ്റി യാണ്. കരാറിലെ ഷെഡ്യൂൾ

II പാരഗ്രാഫ് I (ii) (a) പ്രകാരം ഒരു ജലവർഷത്തിൽ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാർ വിയറിലെ തനതു നീരൊഴുക്ക് കേരളത്തിന് അവകാശപ്പെട്ടതാണ്.

എന്നാൽ (2004-05) മുതലുള്ള ചില ജലവർഷങ്ങളിൽ തമിഴ്നാട് 9 ടി.എം.സി. യിൽ അധികം ജലം (ജൂലൈ 1 മുതൽ സെപ്റ്റംബർ 30 വരെ ; ഫെബ്രുവരി 1 മുതൽ ജൂൺ 30 വരെ കാലയളവിൽ) അപ്പർ നീരാർ വിയറിൽ നിന്നും പറമ്പിക്കുളം ആളിയാർ പദ്ധതിയിലേയ്ക്ക് തിരിച്ചുവിട്ടിട്ടുണ്ട്. ഇതിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു.

| ജലവർഷം | അപ്പർ നീരാർ വിയറിൽ നിന്നും തിരിച്ചുവിട്ട അധിക ജലം (ടി.എം.സി.എഫ്.റ്റി യിൽ).) |
|---|---|
| 2005 - 06 | 6.871 |
| 2006- 07 | 1.156 |
| 2007 - 08 | 2.088 |
| 2009 - 10 | 1.123 |
| 2010 - 11 | 0.147 |
| 2014 - 15 | 0.173 |

ഇ) ഇപ്രകാരം അധികജലം അനധികൃതമായി തമിഴ്നാട് എടുത്താൽ കേരളത്തിന് അത് നിയന്ത്രിക്കാമെന്ന തമിഴ്നാട് മുഖ്യമന്ത്രിയുടെ മുൻ സൂചിപ്പിച്ച കത്ത് പ്രകാരമുള്ള എന്തെങ്കിലും നടപടികൾ കേരളം സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഇ) അനധികൃതമായി തമിഴ്നാട് ജലം എടുത്താൽ കേരളത്തിന് അത് നിയന്ത്രിക്കാം എന്നതിനെ അടിസ്ഥാനപ്പെടുത്തി 22.12.2017 ലെ 99ാം മത് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ, കേരളത്തിന് കരാർ പ്രകാരം മുഴുവൻ ജലവും ലഭ്യമാക്കുവാൻ തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. പി.എ.പി ഒരു അന്തർ സംസ്ഥാന കരാറായതിനാൽ കത്തിലെ സൂചനകൾ പ്രകാരമുള്ള നടപടികൾ

ഉന്നതതല ചർച്ചകളുടെയും നിയമപരമായ നടപടികളുടെയും അടിസ്ഥാനത്തിൽ നടത്തുന്നതിനാണ് സർക്കാർ ശ്രമിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ

30